നം.ടി.എ(1)11441/10

പ്രിൻസിപ്പൽ കൃഷി ഓഫീസ്,
പാലക്കാട്, തീയതി.6.11.2010.

പ്രേഷിതൻ

പ്രിൻസിപ്പൽ കൃഷി ഓഫീസർ

സ്വീകർത്താവ്

റോസിലിൻ ജോസഫ്,
ഡോർ നം.28/3656,
ഫസ്റ്റ് ഫ്ലോർ, സൊണോറോ ചർച്ച് റോഡ്,
എറണാകുളം, കൊച്ചി, കേരള-682020

മാഡം

വിഷയം:- വിവരാവകാശം-ഗ്രീൻ കാർഡ് പദ്ധതി-വിശദാംശങ്ങൾ സംബന്ധിച്ച്.

സൂചന:- 18.10.2010 ലെ താങ്കളുടെ അപേക്ഷ.

മേൽ സൂചനയനുസരിച്ച് ആവശ്യപ്പെട്ട വിവരങ്ങൾ താഴെ ചേർക്കുന്നു

*1. ഈ പദ്ധതി ലഭിയ്ക്കുന്നതിനുള്ള നടപടിക്രമം.*

നെൽക്കൃഷിയ്ക്ക് പലിശരഹിത വായ്പ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പദ്ധതി ഗുണഭോക്താക്കളായ രണ്ട് ഹെക്റ്റർ വരെ നെൽക്കൃഷിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് ഗ്രീൻ കാർഡ് ലഭ്യമാക്കുന്നതിന് തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ നിശ്ചിതഫോറത്തിൽ അപേക്ഷ നൽകി, ഗ്രീൻ കാർഡ് ലഭ്യമാക്കുന്നതാണ് നടപടിക്രമം.

2. കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ നിന്ന് പലിശരഹിത വായ്പ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥ.

സംസ്ഥാനത്തെ എല്ലാ നെൽകർഷകർക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാണ്. വായ്പാതുക നെൽക്കൃഷിയ്ക്ക് മാത്രമായി വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഓരോ വിളയ്ക്കും പരമാവധി 180 ദിവസത്തെ കാലാവധിക്കായിരിക്കും വായ്പ അനുവദിക്കുന്നത്. പ്രാഥമിക സഹകരണ സംഘങ്ങൾ/സഹകരണ ബാങ്കുകൾ തുടങ്ങിയവ മുഖാന്തിരം പരമവധി 180 ദിവസത്തെ കാലാവധിക്ക് നെൽക്കൃഷിയ്ക്ക് പലിശരഹിതവായ്പ നൽകുന്നു.

സി) ഈ പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളുടെ ലിസ്റ്റ്.

പാലക്കാട് ജില്ലയിൽ 91 പഞ്ചായത്തുകളിലും 4 മുനിസിപ്പാലിറ്റികളിലും ഈ പദ്ധതി നടപ്പിലാക്കുന്നു.

ഡി) മറ്റുള്ള പ്രയോജനങ്ങൾ.

നെൽക്കൃഷിയ്ക്ക് പലിശരഹിതവായ്പ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ട് ഗുണഭോക്താക്കൾക്ക് ഗ്രീൻകാർഡ് ലഭ്യമാക്കുവാൻ തീരുമാനിച്ചു.

ഇ) ഈ പദ്ധതിയിലെ ഗുണഭോക്താക്കൾ.

9595 പേർക്ക് ഗ്രീൻ കാർഡ് ലഭിച്ചിട്ടുണ്ട്.

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/
കൃഷി ഡെപ്യൂട്ടി ഡയറക്ടർ(C)

8/11/10

Pa/